# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2204

18.06.2013ൽ മറുപടിക്ക്.

### കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭങ്ങൾ

**ചോദ്യം**

ശ്രീ. എളമരം കരീം

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

ബി) കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭങ്ങളിലൂടെ എത്ര കേന്ദ്ര നിക്ഷേപം സംസ്ഥാനത്തേക്ക് കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്?

(സി) കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭങ്ങളിലൂടെ നടപ്പ് സാമ്പത്തിക വർഷം ഏതൊക്കെ സംരംഭങ്ങളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

എ) മുതൽ (സി) വരെ

കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംയുക്ത സംരംഭം, വിപണന വിപുലീകരണം എന്നിവ ഈ സാമ്പത്തിക വർഷം ലക്ഷ്യമിടുന്നു.

Kerala State Drugs & Pharmaceuticals Ltd-യും HLL Lifecare Ltd-മായി ചേർന്നുള്ള ഒരു പദ്ധതിപരിഗണയിലാണ്.

കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ താഴെ പറയുന്ന സ്ഥാപനങ്ങളുമായി നടത്തിയിട്ടുണ്ട്.

- Cement Corporation of India യുമായി സഹകരിച്ച് Malabar Cements Ltd (MCL)ന് Capacity doubling
- Cochin Port Trust മായി സഹകരിച്ച് Cement Logistics Hub
- Cotton Corporation of India മായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി working capital support ഉം revolving credit facility ഉം
- State Trading Corporation-മായി സഹകരിച്ച് അസംസ്കൃത കശുവണ്ടി, ഇൽമെനൈറ്റ്, ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഇറക്കുമതി ചെയ്യാൻ Letter of credit തുടങ്ങുന്നതിനു വേണ്ടിയുള്ള സഹായം.
- MSTC യുമായി ചേർന്ന് സ്ക്രാപ്പ് വിൽക്കുവാനും കോൾ വാങ്ങുന്നതിനും
- NCDC വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി Working capital support

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരഭത്തിന്റെ ഭാഗമായി സെയിൽ എസ്സ്.സി.എൽ കേരള ലിമിറ്റഡ് എന്ന സംയുക്ത സംരഭ കമ്പനി ഏപ്രിൽ 2013-ൽ

രൂപീകരിച്ചിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്ക്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽ വന്നു. കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്ക്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75% വും സംസ്ഥാന വിഹിതം 25% വുമാണ്. ഇതു പ്രകാരം ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം 2012-13 സാമ്പത്തിക വർഷത്തിൽ 4.73 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം പ്രാരംഭ ചെലവുകൾക്കായി 1.50 കോടി രൂപയും നൽകിയിരുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 4.5 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ, കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള Assistance to State for Development Export Infrastructure and other Allied Activities (ASIDE) പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാനത്ത് കയറ്റുമതി വികസിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ASIDE. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ASIDE പദ്ധതിയിൽ ഉൾപ്പെടുത്തി 11 പദ്ധതികൾക്കായി 28.71 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണം ആരംഭിച്ചിട്ടുണ്ട്. 12000 കോടി രൂപ മുതൽ മുടക്കുവരുന്ന വിപുലീകരണ പദ്ധതിയും, 6000 കോടി ചെലവു വരുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭവുമാണ് ബി.പി.സി.എൽ നടപ്പാക്കുന്നത്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ഗെയിൽ 3500 കോടി രൂപ മുതൽ മുടക്കുള്ള പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കി വരികയാണ്. ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ഐ.ഡി.സി. യുടെ ആഭിമുഖ്യത്തിൽ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന ഒരു സംയുക്ത സംരംഭം സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടി തുടങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ